"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

<u>സംഗ്രഹം</u>

റവന്യൂ വകുപ്പ് - കേരള നദീ തീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും നിയമം -2001- റിവർ മാനേജ്മെന്റ് ഫണ്ട് - കോഴിക്കോട് ജില്ലയിൽ അടിയന്തര സാഹചര്യത്തിൽ നടപ്പിലാക്കേണ്ടി വന്ന മാവൂർ ഗ്രാമത്തിലെ വില്ലേരിത്താഴം ഭാഗത്തെ നദീ സംരക്ഷണ പ്രവൃത്തി സാധൂകരിച്ചും മുൻകാലപ്രാബല്യത്തിൽ ഭരണാനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (പി) വകുപ്പ്

സ.ഉ.(സാധാ) നം.825/2024/RD തീയതി,തിരുവനന്തപുരം, 02-03-2024

---

പരാമർശം:- 1. 27.01.2024-ലെ ലാൻഡ് റവന്യൂ കമ്മീഷണറുടെ LR/9480/2023-LR(K1) നം കത്ത്.

2. 21.02.2024-ലെ സംസ്ഥാന ഉന്നത തല സമിതിയുടെ നടപടിക്കുറിപ്പ്

<u>ഉത്തരവ്</u>

കോഴിക്കോട് ജില്ലയിൽ വില്ലേരിത്താഴം ഭാഗത്തെ protecting the left bank of Cherupuzha along Gramavanam-Villeriththazham road in Mavoor Panchayath - General എന്ന പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമായിട്ടില്ലാത്ത സാഹചര്യത്തിലും കാലവർഷം ശക്തമായപ്പോൾ മാവൂർ പഞ്ചായത്തിലെ വില്ലേരിത്താഴം റോഡിന്റെ കൂടുതൽഭാഗം പുഴയിലേക്ക് ഇടിഞ്ഞ് അപകടാവസ്ഥയിലാവുകയും മനുഷ്യജീവനു തന്നെ ഭീഷണിയാവുകയും ചെയ്ത സാഹചര്യത്തിലും മേൽ പ്രവൃത്തി നടപ്പിലാക്കുന്നതിൽ കാലതാമസം നേരിട്ടാൽ പ്രദേശത്തെ ജനങ്ങളുടെ ജീവനും സ്വത്തിനും കടുത്ത വെല്ലുവിളി ഉയർത്തുമെന്ന് ബോധ്യപ്പെട്ടതിനാലും നദീതീര സംരക്ഷണ നിയമം, സെക്ഷൻ 17 പ്രകാരം ഡി.ഡി.എം.എ യുടെ തീരുമാനപ്രകാരം സർക്കാരിൽ നിന്ന് സാധൂകരണം തേടാവുന്നതാണെന്ന വ്യവസ്ഥയിൽ, മേൽ പരാമർശിത പ്രവൃത്തിയൽ ഉൾപ്പെട്ടു വരുന്ന 5,55,165/-രൂപയുടെ (അഞ്ചുലക്ഷത്തി അമ്പത്തി അയ്യായിരത്തി ഒരുനൂറ്റി അറുപത്തി അഞ്ചു രൂപ മാത്രം) പ്രവൃത്തി ചെയ്യാനുള്ള അനുമതി, കോഴിക്കോട് ജില്ലാ കളക്ടർ നൽകിയിരുന്നുവെന്നും അപ്രകാരം മേൽ പ്രവൃത്തി 28.10.2023-ന് പൂർത്തീകരിച്ചിട്ടുള്ളതും 5,55,165/- (അഞ്ചുലക്ഷത്തി അമ്പത്തി അയ്യായിരത്തി ഒരുനൂറ്റി അറുപത്തി അഞ്ചു രൂപ മാത്രം) രൂപയുടെ ബില്ല് ഇറിഗേഷൻ വകുപ്പ് സമർപ്പിച്ചിട്ടുണ്ട് എന്നും ആകയാൽ കരാറുകാരന് മേൽ തുക അനുവദിച്ച് നൽകുന്നതിലേയ്ക്ക് ഭരണാനുമതി ലഭ്യമാക്കണമെന്നും പരാമർശം (1)-ലെ കത്ത് പ്രകാരം ലാന്റ് റവന്യൂ കമ്മീഷണർ ശുപാർശ ചെയ്തിരുന്നു.

2. ടി വിഷയം 21.02.2024 ലെ സംസ്ഥാന ഉന്നത തല സമിതി യോഗത്തിൽ പരിഗണിക്കുകയും പരാമർശം (1) -ലെ നിർദ്ദേശം സാധൂകരിച്ചും ഭരണാനുമതിയുത്തരവ് പുറപ്പെടുവിക്കുന്നതിന് അനുമതി നൽകുകയും ചെയ്തിരുന്നു.

3. മേൽ സാഹചര്യത്തിൽ, കാലവർഷക്കെടുതിയുമായി ബന്ധപ്പെട്ട, അടിയന്തിര സാഹചര്യം കണക്കിലെടുത്ത് കോഴിക്കോട് ജില്ലാ കളക്ടർ അനുമതി നൽകിയ, protecting the left bank of Cherupuzha along Gramavanam-Villeriththazham road in Mavoor Panchayath - General എന്ന പ്രവൃർത്തിയിൽ ഉൾപ്പെട്ടു വരുന്ന 5,55,165/-രൂപയുടെ (അഞ്ചുലക്ഷത്തി അമ്പത്തി അയ്യായിരത്തി ഒരുന്നൂറ്റി അറുപത്തി അഞ്ചു രൂപ മാത്രം) പ്രവൃത്തിയ്ക്ക് സാധൂകരണം നൽകിയും, മുൻകാലപ്രാബല്യത്തിൽ ഭരണാനുമതി നൽകിയും ടി ചെലവായ തുക കോഴിക്കോട് ജില്ലയുടെ ആർ.എം.എഫ് ഫണ്ടിൽ നിന്നും കരാറുകാരന് അനുവദിക്കുന്നതിന് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHAHANSHA.A
അണ്ടർ സെക്രട്ടറി

ലാൻഡ് റവന്യു കമ്മീഷണർ, തിരുവനന്തപുരം.
ഡയറക്ടർ, ILDM, തിരുവനന്തപുരം.
ജില്ലാ കളക്ടർ, കോഴിക്കോട്
അക്കൗണ്ടന്റ് ജനറൽ (A&E), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
വെബ് &ന്യൂ മീഡിയ
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sujith G R
Date: 02-03-2024 16:13:43
സെക്ഷൻ ഓഫീസർ

പകർപ്പ് :
ബഹു.റവന്യുവും ഭവന നിർമാണവും വകുപ്പ് മന്ത്രിയുടെ പി.എസ് -ന്
ബഹു. പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ - യ്ക്ക്
ബഹു. അഡീഷണൽ സെക്രട്ടറിയുടെ പി.എ -യ്ക്ക്